(ഡി) കുടിശ്ശിക അക്കൗണ്ടിംഗ് ജോലികൾ പൂർത്തിയാക്കാൻ അതാത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് കുടിശ്ശികകൾ പൂർത്തിയാകുന്നതോടെ പി. എഫ്. സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും എളുപ്പമാക്കാൻ കഴിയുന്നതാണ്.

എസ്.എസ്.എൽ.സി.യ്ക്ക് നൂറു ശതമാനം പരാജയം സംഭവിച്ച സ്കൂളുകൾ

43 (826)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% പരാജയം സംഭവിച്ച സ്കൂളുകൾ ഏതൊക്കെ;

(ബി) റാന്നി താലൂക്കിലെ കുസുമത്ത് പകുതി അദ്ധ്യാപകരെ പോലും അദ്ധ്യയന വർഷം അവസാനിക്കാറായിട്ടു നിയമിച്ചിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താലൂക്കിലെ പകുതി സ്കൂളുകളിലും ഏകദേശം അൻപത് ശതമാനം അദ്ധ്യാപകർ ഇല്ലാതെയായിരുന്നു കഴിഞ്ഞ വർഷം അദ്ധ്യയനം നടന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ ഒരു പൊതു സ്ഥിതി അറിയുവാൻ ഒരു അന്വേഷണ സംഘത്തെ താലൂക്കിലെ മലയോര സ്കൂളുകളിൽ അയയ്ക്കാൻ തയ്യാറാകുമോ;

(ഇ) ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാതിരിക്കുകയും നിയമിച്ചവരെ സൗകര്യപ്രദമായി ഠൗണുകളിലേയ്ക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തതിലെ അഴിമതിയെപ്പറ്റി അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 1. ഗവ. എച്ച്.എസ്, സോതുപ്പാറ, ഇടുക്കി
2. ഗവ.എച്ച്.എസ്. കുസുമം, പത്തനംതിട്ട
3. ഗവ. ട്രൈബൽ സ്കൂൾ, പൂതൂർ, പാലക്കാട്

(ബി) മൂന്ന് ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) ഏതാനും ഒഴിവുകൾ ഉണ്ടായിരുന്നു.

(ഡി)&(ഇ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. പരീക്ഷാഫലം

44 (827)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം ഔദ്യോഗികമായി പ്രഖ്യാപിച്ച തീയതി ഏന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം പത്രങ്ങളിലൂടെയും പരീക്ഷാ സെന്ററുകളിലൂടെയും പ്രസിദ്ധീകരിച്ചത് മേയ് 27-ാം തീയതിയായിരുന്നു. എന്നാൽ റിസൽട്ടിന്റെ ഔദ്യോഗിക പ്രഖ്യാപനം 26-ാം തീയതി കാലത്ത് 8 മണിക്ക് നടത്തുകയുണ്ടായി.

(ബി) കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം

45 (828) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി. ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയ രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ വിദ്യാലയത്തിൽ എത്ര പേർ ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി; എത്ര പേർ വിജയിച്ചു;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് റാങ്ക് നിശ്ചയിക്കുന്ന നടപടിക്രമം വിശദമാക്കുമോ;

(ഡി) ആദ്യത്തെ 15 റാങ്കുകൾ കിട്ടുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് വീണ്ടും മൂല്യനിർണ്ണയം നടത്തിയതിനുശേഷമാണോ റാങ്കുകൾ നിശ്ചയിക്കുന്നത്;

(ഇ) 1997-98 വർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വീണ്ടും മൂല്യനിർണ്ണയം നടത്തിയപ്പോൾ റാങ്കുകൾ നിശ്ചയിച്ചതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയാണ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്തെ നാലു സോണുകളായി തിരിച്ച് ഒരു പേപ്പറിന് ഒന്നു വീതം ഓരോ സോണിലും 12 എന്ന ക്രമത്തിൽ ഓരോ പേപ്പറിനും ആകെ 48 മൂല്യനിർണ്ണയ ക്യാമ്പുകളിലായി വിവിധ വിഷയങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നു. ഓരോ ക്യാമ്പിലും ഒരു ക്യാംപ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറും വേണ്ടത്ര അഡീഷണൽ ചീഫ് എക്സാമിനർമാരും അസി.എക്സാമിനർമാരും പരീക്ഷാ പേപ്പറിന്റെ മൂല്യനിർണ്ണയത്തിൽ ഏർപ്പെടുന്നു. ഒരു അസി.എക്സാമിനർ ഒരു ദിവസം 32 പേപ്പറുകൾ എന്ന കണക്കിൽ ഏകദേശം 500 ഓളം പേപ്പറുകൾ 16 ദിവസംകൊണ്ട് മൂല്യനിർണ്ണയം നടത്തുകയും അങ്ങനെ മൂല്യനിർണ്ണയം നട

LIBRARY ARCHIVES Kerala Legislative Assembly